പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3678 26.06.2012 -ലെ മറുപടി

ശമ്പളത്തിൽ കുറവുചെയ്ത തുക വകമാറ്റി ചെലവഴിക്കുന്നതായി പരാതി

| ചോദ്യം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പ്രതിമാസം ബാങ്ക് വായ്പ, ഇൻഷ്വറൻസ് പ്രീമിയം, കെ.എസ്.എഫ്.ഇ ചിട്ടി, വായ്പ തുടങ്ങിയവയ്ക്കായി പിടിക്കുന്ന തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; | (എ) | ഇല്ല. കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരുമാനവും ചെലവും തമ്മിൽ 55 കോടി രൂപയുടെ അന്തരമുണ്ട്. പ്രതിദിന കളക്ഷനിൽ നിന്നും ഡീസൽ, MACT അവാർഡ് തുക, 10% പെൻഷൻ ആനുകൂല്യം നൽകുവാൻ ഹൈക്കോടതി നിർദ്ദേശാനുസരണം നീക്കിവെയ്ക്കുന്ന തുക, വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ തിരിച്ചടവിലേക്കു വകയിരുത്തുന്ന തുക എന്നിവ ഒഴിച്ചാൽ പ്രതിമാസം ബാക്കി വരുന്ന തുക 10 കോടിയോളം രൂപയാണ്. 44.50 കോടി രൂപ ജീവനക്കാരുടെ ശമ്പളവും, വേതനവും നൽകാൻ വേണ്ടിവരും, ടി സാഹചര്യത്തിൽ Net Salary -യും വേതനവും ഒഴികെയുള്ള തുക തൊട്ടടുത്ത മാസത്തിൽ നൽകുവാനായി മാറ്റിവെയ്ക്കാറുണ്ട്. |
| (ബി) | ഇതുമൂലം യഥാസമയം തവണ അടയ്ക്കാതെ വന്നതിനെ തുടർന്ന് വായ്പയെടുത്തിട്ടുള്ള ജീവനക്കാർക്ക് പലിശയും പിഴപ്പലിശയും അടയ്ക്കുന്നതിന് നോട്ടീസ് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | നിലവിൽ വായ്പതവണ മുടങ്ങിയതിന്റെ ഉത്തരവാദിത്വവും കഷ്ടനഷ്ടങ്ങളും തൊഴിലാളികളുടെമേൽ കെട്ടിവയ്ക്കാനാണോ കോർപ്പറേഷൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | മുൻകാലത്ത് കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പരാധീനത കാരണം ധനകാര്യസ്ഥാപനങ്ങൾക്ക് പണം നൽകുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. ഇതുമൂലമുണ്ടായിട്ടുള്ള പലിശയും, പിഴപലിശയും നിരവധി കേസ്സുകളിൽ കെ.എസ്.ആർ.ടി.സി തന്നെ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ